**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാംസമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.209**

**17.02.2016 ൽ മറുപടിയ്ക്ക്**

## ജോബ് ഫെസ്റ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.കെ.എസ്. ശബരീനാഥൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ യുവജനങ്ങൾക്കായി ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ടോ ; | എ) ഉണ്ട്. യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം, വയനാട്, എറണാകുളം, ആലപ്പുഴ, കോട്ടയം, മലപ്പുറം എന്നീ ആറ് ജില്ലകളിൽ ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | ബി) വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയ സംസ്ഥാനത്തെ തൊഴിൽരഹിതരായ യുവതീയുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഐ.റ്റി മേഖലയിലെയും മറ്റു വിവിധ മേഖലകളിലെയും കമ്പനികളെ ഉൾപ്പെടുത്തിയാണ് ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചത്. മലയാള മനോരമ, ജി-ടെക് എഡ്യൂക്കേഷൻ സെന്റർ, ബിഗ് ലീപ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി യൂണിയൻ എന്നിവരുമായി ചേർന്നാണ് ജോബ്ഫെസ്റ്റ് സംഘടിപ്പിച്ചത്. |
| സി) ഇത് നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) ഓരോ സാമ്പത്തിക വർഷത്തിലും ജോബ് ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനായി ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തുകയും ആയത് യുവജനക്ഷേമ ബോർഡ് നേരിട്ടോ, മറ്റ് ഏജൻസികളുടെ സഹായത്തോടെയോ സംഘടിപ്പിക്കുകയും ചെയ്യുന്നു. നാളിതുവരെ യുവജനക്ഷേമബോർഡ് സംഘടിപ്പിച്ച ജോബ് ഫെസ്റ്റുകളുടെ വിശദവിവരം ചുവടെ ചേർക്കുന്നു. |

1. തിരുവനന്തപുരം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 7200 പേർ രജിസ്റ്റർ ചെയ്യുകയും 621 ഉദ്യോഗാർത്ഥികൾക്ക് ജോബ് ഓഫറിംഗ് ലെറ്റർ നൽകുകയും ചെയ്തു.

2. വയനാട് ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 1666 പേർക്ക് ജോബ് ഓഫറിംഗ് ലെറ്റർ നൽകുകയും 780 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും 395 പേർക്ക് ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

3. എറണാകുളം ജില്ലയിൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 500 പേർ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ യോഗ്യത നേടുകയും 225 പേർക്ക് Spot Job Offering Letter നൽകുകയും ചെയ്തു.

4. ആലപ്പുഴ ജില്ലയിൽ 2013 ൽ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 5019 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 1008 പേർ ഷോർട്ട് ലിസ്റ്റ് ചെയ്തിട്ടുണ്ട്. 2014 ൽ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 4943 പേർ രജിസ്റ്റർ ചെയ്യുകയും 2631 പേർ പങ്കെടുക്കുകയും 261 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തു.

5. കോട്ടയം ജില്ലയിൽ സംഘടിപ്പിച്ച ജോബ് ഫെസ്റ്റിൽ 7000 പേർ രജിസ്റ്റർ ചെയ്യുകയും 1500 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്.

6. മലപ്പുറം ജില്ലയിൽ സംഘടിപ്പിച്ച ജോബ് ഫെയറിൽ 4200 പേർ പങ്കെടുക്കുകയും 220 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2015 ജൂൺ 12 മുതൽ 15 വരെ സംഘടിപ്പിച്ച ജോബ്ഫെസ്റ്റിൽ 5200 പേർ പങ്കെടുക്കുകയും 600 പേർക്ക് ജോലി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**